"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ മലപ്പുറം ജില്ലയിലെ പെരുമണ്ണക്ലാരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് (3 എണ്ണം), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (1 എണ്ണം) തസ്തികകൾ എടരിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.443/2025/H&FWD തീയതി,തിരുവനന്തപുരം, 31-12-2025

---

പരാമർശം:- 1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.07.2025 തീയതിയിലെ പി.എൽ.ബി3-21477/2024/ആ.വ.ഡ നം. കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പെരുമണ്ണക്ലാരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അധികമായി ഉണ്ടായിരുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് (3 എണ്ണം), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (1 എണ്ണം) തസ്തികകൾ, എടരിക്കാട് പുതിയ പ്രാഥമികാരോഗ്യ കേന്ദ്രം 2013- ൽ ആരംഭിച്ചപ്പോൾ പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വിന്യസിച്ചിരുന്നു. ടി തസ്തികകൾ സ്ഥിരമായി എടരിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റുന്നതിന് അനുമതി നൽകണമെന്നഭ്യർത്ഥിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പെരുമണ്ണക്ലാരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് (3 എണ്ണം), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (1 എണ്ണം) തസ്തികകൾ എടരിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥിരമായി മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം
മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, എടരിക്കോട്, മലപ്പുറം
മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, പെരുമണ്ണക്ലാരി, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ ഓഫീസ് (C1/122/2025/H&FWD)

ഉത്തരവിൻ പ്രകാരം

Signed by

Prijith. G

Date: 31-12-2025 14:22:14

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യ വനിതാ ശിശുവികസന മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്